2879
7/8/12

കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ് - അക്രഡിറ്റേഷൻ - വിഷ്വൽ മീഡിയയ്ക്ക് അനുവദിക്കാവുന്ന അക്രഡിറ്റേഷനുകളുടെ എണ്ണം വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (സി) വകുപ്പ്**

സ ഉ (സാധാ)നം.217/09/ഐ&പി.ആർ. തിരുവനന്തപുരം, തീയതി: 26/8/2009

---

പരാമർശം:-1) സർക്കാർ ഉത്തരവ് (പി) നം.9/2000/ഐ.പി.ആർ. തീയതി 8/12/2000

2) 7..5..09 ലെ പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ മിനിട്സ്

**ഉത്തരവ്**

7/5/09 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഷ്വൽ മീഡിയയ്ക്ക് അനുവദിക്കാവുന്ന അക്രഡിറ്റേഷനുകളുടെ എണ്ണം താഴെ പറയും പ്രകാരം നിജപ്പെടുത്തി ഉത്തരവാകുന്നു.

2. പ്രധാന മലയാള വാർത്താ ചാനലുകളായ ഏഷ്യാനെറ്റ് ന്യൂസ്, കൈരളി പീപ്പിൾ, ഇന്ത്യാവിഷൻ, മനോരമ ന്യൂസ് എന്നിവയ്ക്കു തിരുവനന്തപുരത്ത് റിപ്പോർട്ടർമാർ 5, ക്യാമറാമാൻമാർ 5, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3,3., മറ്റു ജില്ലകളിൽ 2, 2 എന്ന ക്രമത്തിലും ദേശീയ തലത്തിൽ വാർത്താ ചാനലുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റു മലയാളം ചാനലുകൾക്ക് തിരുവനന്തപുരത്ത് റിപ്പോർട്ടർമാർ മൂന്ന് ക്യാമറാമാൻമാർ മൂന്ന് മറ്റു ജില്ലകളിൽ 2, 2 എന്ന ക്രമത്തിലും അക്രഡിറ്റേഷൻ അനുവദിക്കാവുന്നതാണ്.

3. വാർത്ത സംപ്രേഷണം ചെയ്യാത്ത ചാനലുകൾക്ക് അക്രഡിറ്റേഷൻ അനുവദിക്കേണ്ടതില്ല എന്നും ദേശീയതലത്തിൽ വാർത്താ ചാനലുകളായി

രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റു ഭാഷാ ചാനലുകൾക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഒരു റിപ്പോർട്ടർ ഒരു ക്യാമറാമാൻ എന്ന ക്രമത്തിലും അക്രഡിറ്റേഷൻ അനുവദിക്കാവുന്നതാണ്.

4. പ്രസ് അക്രഡിറ്റേഷൻ സംബന്ധിച്ച് പരാമർശം 1 ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ള പൊതുനിബന്ധനകൾ വിഷ്വൽ മീഡിയയ്ക്കും ബാധകമാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഷീലാ തോമസ്
സെക്രട്ടറി

1.) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
2.) എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3.) ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ് )
4.) ഡെപ്യൂട്ടി ഡയറക്ടർ (മീഡിയാ റിലേഷൻസ്)
5.) സെക്രട്ടറിയുടെ പി.എക്ക്
6.) ഡയറക്ടറുടെ പി.എക്ക്
7.) കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ